## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 296

30.11.2015-ൽ മറുപടിക്ക്.

### എൻ.ഒ.സി നൽകുന്നത് സംബന്ധിച്ച്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ:വി. ശിവൻകുട്ടി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) നഗരപ്രദേശങ്ങളിൽ ഫ്ളാറ്റ് നിർമ്മാണത്തിൽ അഗ്നിശമന സേനയുടെ എൻ.ഒ.സി നൽകുന്നത് സംബന്ധിച്ച നിലവിലുള്ള നിയമവ്യവസ്ഥകൾ വിശദമാക്കാമോ; | (എ) എൻ.ബി.സി 2005, കെ.എം.ബി.ആർ എന്നിവയിലെ വ്യവസ്ഥകളും ചട്ടങ്ങളും പ്രകാരമാണ് ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ നിന്ന്എൻ.ഒ.സി അനുവദിച്ചു വരുന്നത് |
| (ബി) എത്ര മീറ്ററിന് മുകളിലുള്ള എത്ര സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള ഫ്ളാറ്റുകൾക്കും കെട്ടിടങ്ങൾക്കുമാണ് അഗ്നിശമനസേനയുടെ എൻ.ഒ.സി നിർബന്ധമാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) എൻ.ബി.സി 2005, കെ.എം.ബി.ആർ വ്യവസ്ഥകൾക്കു വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭിക്കുന്ന എൻ.ഒ.സി അപേക്ഷകളാണ് ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ പരിശോധിച്ച് വരുന്നത് |
| (സി) കേരള ബിൽഡിംഗ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരം പതിനാറ് മീറ്ററിൽ കുറവുള്ള നാല് നില ഫ്ളാറ്റുകൾക്ക് അഗ്നിശമന സേനയുടെ എൻ.ഒ.സി ആവശ്യമാണോ; ഇപ്രകാരമുള്ള എത്ര അപേക്ഷകൾ അഗ്നിശമന സേനയുടെ കമാന്റന്റ് ജനറൽ ഓഫീസിൽ തീരുമാനം എടുക്കാതെ കെട്ടിക്കിടക്കുന്നുണ്ട്; വിശദമാക്കാമോ; | (സി) ആവശ്യമാണ്. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ ഓഫീസിൽ 16 മീറ്ററിൽ കുറവുള്ള കെട്ടിടങ്ങൾക്കായുള്ള എൻ.ഒ.സി അപേക്ഷകൾ അവശേഷിക്കുന്നില്ല. |
| (ഡി) 16 മീറ്ററിന് മുകളിൽ ഉയരമുള്ള എത്ര ഫ്ളാറ്റ് പദ്ധതികളുടെ ഫയൽ എൻ.ഒ.സി ക്കു വേണ്ടിയുള്ള അപേക്ഷകൾ ഇപ്പോൾ തീരുമാനം എടുക്കാതെ ബാക്കി നില്പുണ്ട്; വിശദമാക്കാമോ? | (ഡി) 16 മീറ്ററിൽ കൂടുതൽ ഉയരമുള്ള ഫ്ളാറ്റ്, ഫ്ളാറ്റ് ഇതര കാറ്റഗറിയിൽ ഉൾപ്പെടുന്ന 125 കെട്ടിടങ്ങളുടെ എൻ.ഒ.സി അപേക്ഷ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ തീരുമാനം ആകാതെ അവശേഷിക്കുന്നുണ്ട്. |

VBeena

സെക്ഷൻ ഓഫീസർ